# മാർത്തോമ്മ സന്നദ്ധ സുവിശേഷക സംഘം
# സംഘദിന  ആരാധനക്രമം
# 2022 ഒക്ടോബർ 2 ഞായർ

(അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ചത്)

*"യഹോവ പീഡിതന് ഒരു അഭയസ്ഥാനം, കഷ്ടകാലത്ത് ഒരഭയസ്ഥാനം തന്നെ.*
*നിന്റെ നാമത്തെ അറിയുന്നവർ നിങ്കൽ ആശ്രയിക്കും.*
*യഹോവേ, നിന്നെ അന്വേഷിക്കുന്നവരെ നീ ഉപേക്ഷിക്കുന്നില്ലല്ലോ.*
*(സങ്കീ. 9: 9-10)*

**പാട്ട്**

**കൗമ്മാ**

## പ്രാരംഭ പ്രാർത്ഥന

കാരുണ്യവാനായ കർത്താവേ, സ്നേഹമുള്ള പിതാവേ സന്നദ്ധ സുവിശേഷക സംഘദിനമായി തിരുസന്നിധിയിൽ ഞങ്ങൾ അടുത്തു വരുന്നു. കോവിഡ് മഹാമാരിയിൽ നിന്നും, പകർച്ച വ്യാധികളിൽ നിന്നും, പ്രളയത്തിൽനിന്നും ഇന്നോളം ഞങ്ങളെ കാത്തുപരിപാലിച്ചതിന് നിനക്ക് നന്ദി, നിനക്ക് സ്തോത്രം. നിത്യസ്നേഹംകൊണ്ട് നീ ഞങ്ങളെ സ്നേഹിക്കുകയും ഞങ്ങൾക്ക് ദയ ദീർഘമാക്കിത്തരികയും ചെയ്തതിനാൽ സ്തോത്രം. അനുതാപഹൃദയത്തോടെ ആരാധനയിൽ പങ്കുചേരുവാൻ ഞങ്ങളെ സഹായിക്കണമേ. സന്നദ്ധ സുവിശേഷക സംഘത്തിന്റെ പ്രവർത്ത നങ്ങളെ സ്മരിക്കുന്ന ഈ ദിനത്തിൽ കഴിഞ്ഞ 98 വർഷം നടത്തി വ്യത്യസ്ത വഴികളെ ഓർത്ത് ഹൃദയത്തിന്റെ ആഴത്തിൽന്നിന്നും ഞങ്ങൾ നിനക്ക് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. ഞങ്ങളുടെ ഭാരങ്ങളുടെയും വേദനകളുടെയും മദ്ധ്യേ നിന്റെ സാന്ത്വനകരം ഞങ്ങളെ ആശ്വസിപ്പിക്കണമേ. സംഘത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് പുതിയ ദർശനങ്ങൾ നൽകി കാലത്തിന്റ വെല്ലുവിളികളെ ഉൾക്കൊള്ളുവാൻ ശക്തീകരിക്കേണമേ. സകല നന്മകളുടെയും നിറവായ നിന്റെ പുത്രനായ ക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു കൃപയോടെ കേൾക്കേണമേ. ആമേൻ

## അനുതാപ പ്രാർത്ഥന

*"യഹോവേ നീ അകൃത്യങ്ങളെ ഓർമ്മവച്ചാൽ, കർത്താവേ ആർ നിലനിൽക്കും എങ്കിലും നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം നിന്റെ പക്കൽ വിമോചനം ഉണ്ട്'. (സങ്കീ. 130: 3, 4)*

1. നിന്നെ ആരാധിപ്പാൻ നീ ഞങ്ങളെ വിളിച്ചിട്ടും, അതിനായി അവസരങ്ങളും ആരോഗ്യവും ദാനം തന്നിട്ടും സ്വയത്തിൽ ആശ്രയിച്ചും മറുവാദങ്ങൾ പറഞ്ഞും ആരാധനയിൽ നിന്നും വിട്ടുനിന്നുപോയ കുറവുകളെ

**പ്രതിവാക്യം : *കരുണയുള്ള കർത്താവേ ഞങ്ങളോട് ക്ഷമിക്കേണമേ.***

**2.** ഭൗതിക സമൃദ്ധി നൽകിയ സുഖലോലുപതയും പ്രകൃതിയുടെ പരിധി ലംഘിച്ചുള്ള ജീവിതവും മണ്ണും വിതാനവും ജലവും തീരവും വികലമാക്കുന്ന ആർത്തിയും - എല്ലാം ചേർന്നു സൃഷ്ടിച്ചതാണ് ഈ മഹാമാരി എന്ന സത്യം ഇപ്പോഴും ഗൗരവമായി കാണാതെ പോകുന്ന ഞങ്ങളുടെ കുറവിനെ

**പ്രതിവാക്യം : *കരുണയുള്ള കർത്താവേ ഞങ്ങളോട് ക്ഷമിക്കേണമേ.***

3. ആവശ്യഭാരങ്ങളാൽ സങ്കടപ്പെടുന്ന ഞങ്ങളുടെ സഹോദരങ്ങൾ ഞങ്ങളുടെ അരികെയുണ്ടെന്നറിഞ്ഞിട്ടും, സാഹോദര്യങ്ങൾ രക്തബന്ധങ്ങളിൽ മാത്രം പരിമിതപ്പെടുത്തി ജീവിക്കുകയും, സ്നേഹിതരെ നവമാധ്യമങ്ങളിൽ മാത്രം അന്വേഷിക്കുകയും ചെയ്ത് ഞങ്ങൾ, ഞങ്ങളിലേക്കുമാത്രം നോക്കി ജീവിച്ചുപോയ കുറവുകളെ.

**പ്രതിവാക്യം : *കരുണയുള്ള കർത്താവേ ഞങ്ങളോട് ക്ഷമിക്കണമേ.***

4. ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകനാണെന്നറിഞ്ഞിട്ടും സുവിശേഷവേല പരിപൂർണ്ണമായി നിർവ്വഹിക്കുന്നതിനു സാധിക്കാതെ പോയ ഞങ്ങളുടെ കുറവുകളും ഞങ്ങളുടെ മക്കളെ ദൈവബോധത്തിലും സഭാസ്നേഹത്തിലും സുവിശേഷ തൽപരതയിലും വളർത്തുവാൻ കഴിയാതെ പോയ കുറവുകളെയും

**പ്രതിവാക്യം : *കരുണയുള്ള കർത്താവേ ഞങ്ങളോട് ക്ഷമിക്കണമേ.***

## സ്തോത്ര പ്രാർത്ഥന

*"വരുവിൻ നാം യഹോവയ്ക്ക് ഉല്ലസിച്ചുഘോഷിക്ക; നമ്മുടെ രക്ഷയുടെ പാറയ്ക്ക് ആർപ്പിടുക. നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക; സങ്കീർത്തനങ്ങളോടെ അവന് ഘോഷിക്ക".*

*(സങ്കീ.95:1–2)*

1. സന്നദ്ധ സുവിശേഷകസംഘത്തിന്റെ 98 വർഷത്തെ ചരിത്രയാത്രയിൽ വ്യാപരിച്ച ദൈവകൃപയുടെ വരദാനങ്ങൾ, ഭാവനാസമ്പന്നരായ സഭാ പിതാക്കന്മാർ, പട്ടക്കാർ, സമർപ്പിതരായ സുവിശേഷകർ, കർമ്മനിരതരായ സംഘാംഗങ്ങൾ, വിഭവങ്ങൾ പങ്കുവെച്ച സഭാംഗങ്ങൾ ഇവരെയെല്ലാം ആവശ്യാനുസരണം ഒരുക്കി നൽകിയ ദൈവ കൃപയ്ക്കായി.

**പ്രതിവാക്യം:** ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

2. സംഘത്തിന്റെ പ്രവർത്തന സരണികളെ സചേതനമാക്കുന്ന പ്രാദേശിക ഇടവക മിഷൻ, സെന്റർ-ഭദ്രാസന-കേന്ദ്ര തലങ്ങൾ, മിഷൻ കേന്ദ്രങ്ങൾ, സഭയെ നയിക്കുന്ന അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സംഘം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പാ, സഫ്രഗൻ മെത്രാപ്പോലീത്താമാർ, മറ്റ് എപ്പിസ്കോപ്പാമാർ, ഇതര ചുമതലക്കാർ തുടങ്ങിയ എല്ലാവരിലൂടെയും വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി

**പ്രതിവാക്യം:** ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

3. സംഘത്തിന്റെ മിഷൻ മേഖലകളായ അച്ചൻകോവിൽ, മുക്കട, കൽക്കുളം, സുന്ദര പാണ്ഡ്യപുരം, അവിടെ പ്രവർത്തിക്കുന്ന സുവിശേഷകർ, കൊമ്പാടി എ.എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥികൾ, ഗോസ്പൽ ടിം, ധ്യാനകേന്ദ്രം ഇവയിലുടെ നിർവഹിക്കപ്പെടുന്ന ധന്യശുശ്രൂഷകൾക്കായി.

**പ്രതിവാക്യം:** ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

## മദ്ധ്യസ്ഥ പ്രാർത്ഥന

*“യഹോവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ; എന്റെ നിലവിളി തിരുസന്നിധിയിൽ വരുമാറാകട്ടെ” (സങ്കീ.102: 1)*

1. മാർത്തോമ്മാ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാം. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിമാർ, മറ്റ് എപ്പിസ്കോപ്പാമാർ, വികാരി ജനറാൾമാർ, പട്ടക്കാർ, സുവിശേഷകർ, സന്നദ്ധപ്രവർത്തകർ, സംഘം ചുമതലക്കാർ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ, സഭാ മക്കൾ എന്നിവർക്കായ് ദൈവമേ,

**പ്രതിവാക്യം:** ***ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

2. കോവിഡ് മഹാമാരിയെയും മറ്റ് പകർച്ച വ്യാധികളെയും പ്രതിരോധിക്കുന്നതിനായി കഠിനാദ്ധ്വാനം ചെയ്യുന്ന വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ, പ്രകൃതി ദുരന്തങ്ങളിൽ സഹായവുമായെത്തുന്ന ദേശീയ ദുരന്ത പ്രതികരണസേന, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ, ആരോഗ്യപ്രവർത്തകർ, പ്രാദേശിക ഭരണകൂടം, സന്നദ്ധസംഘടനകൾ തുടങ്ങി എല്ലാ സംവിധാനങ്ങളെയും ഓർത്തുകൊണ്ട് ദൈവമേ

**പ്രതിവാക്യം:** ***ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

3. സംഘത്തിന്റെ വിവിധ പ്രോജക്ടുകളായ, 'എന്റെ കുടുംബം എന്റെ ദൗത്യം', അന്നം-അൻപിൻകരം, അച്ചൻകോവിൽ മിഷൻവീട് നിർമ്മാണം, സുന്ദരപാണ്ഡ്യപുരം ദേവാലയനിർമ്മാണം തുടങ്ങി സുവിശേഷത്തിന്റെ വളർച്ചയ്ക്കായി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും പ്രവർത്തകരെയും, സഹായിക്കുന്ന കരങ്ങളെയും ഓർത്ത് കരുണയുള്ള ദൈവമേ.....

**പ്രതിവാക്യം:** ***ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

4. സംഘത്തിന്റെ സാമ്പത്തിക പ്രതിസന്ധികളുടെ മദ്ധ്യേ തക്കസമയത്ത് സഹായം എത്തിച്ചുതന്ന എല്ലാ വ്യക്തികൾക്കായും, ഇടവകകൾ, സെന്റർ, ഭദ്രാസനങ്ങൾ എന്നീ തലങ്ങളിൽനിന്നും ലഭിക്കുന്ന കരുതലിനെയും ഓർത്ത് കരുണയുള്ള ദൈവമേ.....

**പ്രതിവാക്യം:** ***ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

## സമർപ്പണ പ്രാർത്ഥന

**പ്രിയ പിതാവേ,** ഞങ്ങളുടെ ദൈനംദിനജീവിതത്തിൽ വന്നു ഭവിച്ചിരിക്കുന്ന സത്യസന്ധതയില്ലായ്മയും - മാതൃകാപരമായി ജീവിക്കുന്നതിൽ വരുത്തിയ വീഴ്ചകളും ഞങ്ങൾ തിരിച്ചറിയുന്നു. - ജീവിതം എന്ന മഹത്തായ ദാനത്തെ സൂക്ഷ്മതയോടെ വിനിമയം ചെയ്യുന്ന കറയറ്റ മനുഷ്യരാകുവാൻ ഞങ്ങളെ ശക്തീകരിക്കണമേ. - എകാഗ്രമായ വായനയും ധ്യാനവും പ്രാർത്ഥനയും പകരുന്ന - പക്വതയുള്ള ആളത്തത്തിലേക്ക് വളരുവാൻ ശക്തീകരിക്കണമേ - ക്രിസ്തീയ മൂല്യങ്ങളുടെ സന്ദേശ വാഹകരും - അതിൽ ജീവിക്കുന്ന വരുമായിരിക്കുവാൻ ഞങ്ങളെ തിരുമുമ്പിൽ സമർപ്പിക്കുന്നു.

ആമേൻ.